"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.പരീത്, പൂന്നാക്കുടിയിൽ വീട്, പിടവൂർക്കര, വാരപ്പെട്ടി, കോതമംഗലം, എറണാകുളം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.488/2026/ID തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-
1. ജില്ലാ ജിയോളജിസ്റ്റിന്റെ 18.01.2019 തീയതിയിലെ ഡിഇഇ1195/ഇ1/2019 നമ്പർ നോട്ടീസ്
2. ശ്രീ.പരീത്, പൂന്നാക്കുടിയിൽ വീട്, പിടവൂർക്കര,വാരപ്പെട്ടി, കോതമംഗലം, എറണാകുളം 26.09.2019-ന് സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 10.02.2020 തീയതിയിലെ ഡിഎംജി/9875/എം2-2019 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി സാധാരണ മണ്ണ് ഖനനം നടത്തുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 1800 ക്യുബിക് മീറ്റർ സാധാരണ മണ്ണ് ഖനനം ചെയ്തതായി ബോധ്യപ്പെട്ടതിനെ തുടർന്ന് ടി അനധികൃതഖനനത്തിന് റോയൽറ്റിയും, വിലയും, പിഴയും ഉൾപ്പെടെ 2,41,000/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് എറണാകുളം ജില്ലാ ജിയോളജിസ്റ്റ് 18.01.2019 തീയതിയിൽ പരാമർശം (1) പ്രകാരം നൽകിയ നോട്ടീസിനെതിരെ ശ്രീ.പരീത്, പൂന്നാക്കുടിയിൽ വീട്, പിടവൂർക്കര, വാരപ്പെട്ടി, കോതമംഗലം, എറണാകുളം പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. ശ്രീ.പരീത്, പൂന്നാക്കുടിയിൽ വീട്, പിടവൂർക്കര,വാരപ്പെട്ടി, കോതമംഗലം, എറണാകുളം സമർപ്പിച്ച അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 30/08/2025-ന് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടു.

2. അപ്പീൽ കക്ഷി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

ചെങ്കല്ല് ഖനനം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും റോയൽറ്റി ഒടുക്കി അനുമതി ലഭ്യമാക്കിയാണ് ഖനനം നടത്തിയത്. താൻ മണ്ണ് ഖനനം ചെയ്തിട്ടില്ല. ചെങ്കല്ല് ഖനനം നടത്തിയപ്പോൾ ലഭിച്ച മണ്ണ് കൊണ്ട് തറ നിരപ്പാക്കുക മാത്രമാണ് ചെയ്തത്. മണ്ണ് പുറത്തു കൊണ്ടു പോയിട്ടില്ല. അതിനാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കേണ്ടതാണ്.

3. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കോതമംഗലം താലൂക്ക് വാരപ്പെട്ടി വില്ലേജ് പിടവൂർ കരയിൽ കോന്നംകട് മലയിൽ മണ്ണ് ഖനനം ചെയ്തു കൊണ്ടുപോകുന്നതായി വിവരം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ സ്ഥലത്ത് ചെന്ന് നോക്കിയതിൽ വാരപ്പെട്ടി വില്ലേജ്, പിടവൂർ കരയിൽ പന്നംകുടി വീട്ടിൽ ബാവ മകൻ പരീതിന്റെ ഉടമസ്ഥതിയിലുള്ള ഒരേക്കർ സ്ഥലത്ത് നിന്നും യാതൊരു വിധ അധികാര പത്രമോ പാസ്സോ കൈവശമില്ലാതെ അനധികൃതമായി മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി കാണപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചു കൊണ്ട് **24/04/2018**ന് **152/ID/18/Pkd** നമ്പർ പ്രകാരം പോത്താനിക്കോട് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ജിയോളജിസ്റ്റിന് ഒരു കത്തു നല്കുകയുണ്ടായി. ഇപ്രകാരം ലഭിച്ച കത്തിന്റെയടിസ്ഥാനത്തിൽ ടി സ്ഥലം **07/06/2018** ന് ജിയോളജിസ്റ്റിന്റെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തുകയും പരാതിയിൽ പറയുന്ന സ്ഥലത്ത് നിന്നും ചെങ്കല്ല് ഖനനവും ടി സ്ഥലത്തിന്റെ പടഞ്ഞാറ് ഭാഗത്ത് മണ്ണ് ഖനനവും നടത്തിയതായും കണ്ടെത്തുകയുണ്ടായി. ഇപ്രകാരം ഖനനം ചെയ്തെടുത്ത മണ്ണിന്റെ അളവ് സുമാർ **45** മീറ്റർ നീളം **32** മീറ്റർ വീതി ശരാശരി **1.25**മീറ്റർ വീതി ശരാശരി **1.25** മീറ്റർ ആഴം **(45x32x1.25=1800** $M^3$ എന്നും കണ്ടെത്തുകയും ചെയ്തു. ടി സ്ഥലത്ത് റോഡിനോട് ചേർന്ന ഭാഗത്ത്ചെങ്കല്ല് ഖനനം ചെയ്ത നീക്കിയതായും കാണപ്പെട്ടു. ടി ആഫീസിലെ രേഖകൾ പരിശോധിച്ചതിൽ വാരപ്പെട്ടി വില്ലേജ് സർവ്വെ നമ്പർ **465/1/21/28** ൽ പ്പെട്ട **0.71** ആർ സ്ഥലത്തു നിന്നും ചെങ്കല്ല് ഖനനം ചെയ്യുന്നതിനായി **10/09/2016** വരെ കാലാവധിയിൽ റോയൽറ്റി ഇനത്തിൽ **75,000/-** രൂപ ഈടാക്കി ക്വാറിയിംഗ് പെർമിറ്റ് അനുവദിച്ചിരുന്നതായി കണ്ടെത്തുകയുമുണ്ടായി.

ആയതിനാൽ ടി സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് നിന്നു **1800** ക്യൂബിക് മീറ്റർ സാധാരണ മണ്ണ് ഖനനം നടത്തിയതിന് നടപടിയെടുക്കാതിരിക്കുവാൻ കാരണം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് **28/10/2018** ന് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ശ്രീ.പരീതിന് നല്കുകയുണ്ടായി. ആയതിന് **04/12/2018**ന് ശ്രീ.പരീത് നല്കിയ മറുപടിയിൽ കാരണം കാണിക്കൽ നോട്ടീസിൽ പറയുന്ന കാര്യങ്ങൾ ടിയാൻ തള്ളിക്കളയുകയും നിഷേധിക്കുകയുമാണ് ചെയ്തത്. ഇതിനിടയിൽ **28/10/2018** ന് എറണാകുളം ജില്ലാ ആഫീസിൽ നിന്നും വില്ലേജ് ആഫീസർക്ക് നല്കിയ കത്തിന് മറുപടിയുമായി **05/12/2018**ൽ നമ്പർ **480/18** റിപ്പോർട്ട് പ്രകാരം വാരപ്പെട്ടി വില്ലേജ് **465/1/21/26** ൽ ഉൾപ്പെട്ട സ്ഥലം പിടവൂർകര പുനാംകുടിയിൽ കണിയാംകുടിയിൽ താമസം ബാവ മകൻ പരീതിന്റെയും ടിയാൻ മകൻ ഷാജുവിന്റെയും കൈവശത്തിൽപ്പെട്ടതാണ് എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. പരീത് നല്കിയ മറുപടി പരിശോധിച്ച് പരാതിയിൽ പറയുന്ന കാര്യങ്ങൾ അംഗീകരിക്കുവാൻ കഴിയുകയില്ലെന്നും ആയതുകൊണ്ട് അനധികൃതമായി ഖനനം ചെയ്ത **1800** ക്യൂബിക് മീറ്റർ സാധാരണ മണ്ണിന് റോയൽറ്റി **72,000/-** രൂപയും വില **1,44,000/-** രൂപയും പിഴ **25,000/-** രൂപയും ഉൾപ്പടെ **2,41,000/-** രൂപ

ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് **18/01/2019** ന് കത്ത് നല്കി .ആയതിന് **07/02/2019** ൽ ശ്രീ.പരീത് നല്കിയ മറുപടിയിൽ മേൽ പരാമർശ സ്ഥലത്ത് നിന്നും വെട്ട് കല്ല് മാത്രമേ ഖനനം ചെയ്തിട്ടുള്ളു എന്നും ആയതിന് നിയമാനുസൃതമായ പെർമിറ്റ് കരസ്ഥമാക്കിയിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ടിയാന്റെ സ്ഥലം **13/08/2019** ന് പുനപരിശോധന നടത്തുവാൻ തീരുമാനിക്കുകയും **03/08/2019** ഡി.ഒ.ഇ/1195/ഇ1/2018 നമ്പറായി നോട്ടീസ് നല്കുകയും ചെയ്തു. ആയത് പ്രകാരം **13/08/2019** ന് ടി സ്ഥലം അസിസ്റ്റൻറ് ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്-1 എന്നിവർ ചേർന്ന് ശ്രീ.പരീതിന്റെ സാന്നിദ്ധ്യത്തിൽ പുനപരിശോധന നടത്തുകയും പരാമർശിത ഭൂമിയിൽ നിന്നും **38** മീറ്റർ നീളം **36** മീറ്റർ വീതി **1.25** മീറ്റർ താഴ്ച എന്ന ക്രമത്തിൽ സാധാരണ മണ്ണ് **(38 x 36 12.5=1710 M3)** നീക്കം ചെയ്തതായി കണ്ടെത്തുകയും ചെയ്തു. പ്രസ്തുത പരിശോധന സമയത്ത് തയ്യാറാക്കിയ മഹസറിൽ " കൃഷിയിൽ നിരത്തി" എന്ന് എഴുതി ശ്രീ.പരീത് ഒപ്പു വയ്ക്കുകയും ചെയ്തു. എന്നാൽ ടി സ്ഥലത്തെ ഉയർന്ന പ്രദേശത്തു നിന്നും നീക്കം ചെയ്ത മണ്ണ് അവിടെ നിരത്തിയതായി കണ്ടെത്തുവാൻ ടി ആഫീസിന് കഴിഞ്ഞിട്ടില്ലാത്തതുമാണ്. ഇതിനിടയിൽ **29/08/19** ന് ടിയാനെ നേരിൽ കേൾക്കുവാൻ അവസരം നല്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ എറണാകുളം ജില്ലാ ആഫീസിനു കത്ത് നല്കിയിരുന്നു. മേൽ സൂചന പ്രകാരമുള്ള പരിശോധനയും പുനപരിശോധനയും നടത്തി ജില്ലാ ആഫീസിന് അനധികൃതമായി നീക്കം ചെയ്ത മണ്ണ് സംബന്ധിച്ച് വിവരങ്ങൾ ബോദ്ധ്യപ്പെട്ടതിനാലും **07/06/2018** മുതൽ പറഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിക്കുകയും ഈ വിഷയത്തിന്മേൽ വീണ്ടും കാലതാമസം വരുത്തുകയാണ് ടിയാന്റെ ഉദ്ദേശം എന്ന് വ്യക്തമായതുകൊണ്ടും **16/09/2019- ന് ഡി.ഒഇ/1195/ഇ1/2018 പ്രകാരം ടിയാന് ജില്ലാ ആഫീസിൽ നിന്നും ഡിമാന്റ് നോട്ടീസ് നല്കുകയുണ്ടായി.** ഈ നോട്ടീസിനെതിരെയാണ് ശ്രീ. പരീത് അപ്പീൽ സമർപ്പിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നു. മേൽ അപ്പീലിന്മേൽ അപ്പലന്റ് സമർപ്പിച്ചിട്ടുള്ള വാദങ്ങൾ അടിസ്ഥാന രഹിതമായതിനാൽ അപ്പലന്റിന്റെ വാദങ്ങൾ നിരസിച്ചുകൊണ്ടും ഡിമാന്റ് തുക ഒടുക്കുന്നതിനും അപ്പലന്റിന് നിർദ്ദേശം നല്കികൊണ്ട് അപ്പീൽ തീർപ്പാക്കാവുന്നതാണ്.

4. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡിഎംജി യുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിച്ചു. പോത്താനിക്കാട് സബ് ഇൻസ്പെക്ടർ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയുടെ സ്ഥലത്ത് ജിയോളജിസ്റ്റ് സ്ഥല പരിശോധന നടത്തിയപ്പോൾ അനധികൃതമായി മണ്ണ് നീക്കം ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാരണം കാണിക്കൽ നോട്ടീസ് നല്കിയപ്പോൾ ടിയാൻ നല്കിയ മറുപടിയിൽ നിയമാനുസ്ൃതമായ അനുമതി കരസ്ഥമാക്കി വെട്ട് കല്ല് മാത്രമേ ഖനനം നടത്തിയിട്ടുള്ളുവെന്ന് അപ്പീൽ കക്ഷി അറിയിച്ചത് പ്രകാരം അസിസ്റ്റൻറ് ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്-1 എന്നിവർ ചേർന്ന് ശ്രീ.പരീതിന്റെ സാന്നിദ്ധ്യത്തിൽ പുനപരിശോധന നടത്തുകയും പരാമർശിത ഭൂമിയിൽ നിന്നും **38** മീറ്റർ നീളം **36** മീറ്റർ വീതി **1.25** മീറ്റർ താഴ്ച എന്ന ക്രമത്തിൽ സാധാരണ മണ്ണ് **(38 x 36 12.5=1710 M3)** നീക്കം ചെയ്തതായി കണ്ടെത്തുകയും ചെയ്തു. പ്രസ്തുത പരിശോധന സമയത്ത് തയ്യാറാക്കിയ മഹസറിൽ " കൃഷിയിൽ നിരത്തി" എന്ന് എഴുതി ശ്രീ.പരീത് ഒപ്പു വയ്ക്കുകയും ചെയ്തു. എന്നാൽ ടി സ്ഥലത്തെ ഉയർന്ന പ്രദേശത്തു നിന്നും നീക്കം ചെയ്ത മണ്ണ് അവിടെ നിരത്തിയതായി കണ്ടെത്തുവാൻ ടി ആഫീസിന് കഴിഞ്ഞിട്ടില്ലാത്തതുമാണ്. ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷി മണ്ണ് അനധികൃത ഖനനം നടത്തി നീക്കം ചെയ്തതാണെന്ന് മനസ്സിലാക്കാവുന്നതാണ്. അതിനാൽ അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ അപ്പീൽ കക്ഷിക്ക് ജിയോളജിസ്റ്റ് **16/9/2019** ൽ നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും ശ്രീ.പരീത്, പൂന്നാക്കുടിയിൽ വീട്, പിടവൂർക്കര, വാരപ്പെട്ടി, കോതമംഗലം, എറണാകുളം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.പരീത്, പൂന്നാക്കുടിയിൽ വീട്, പിടവൂർക്കര, വാരപ്പെട്ടി, കോതമംഗലം, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, എറണാകുളം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 27-04-2026 17:23:48

സെക്ഷൻ ഓഫീസർ